# കേരളത്തിലെ വയോജനങ്ങളുടെ ജനസംഖ്യാ സംക്രമണം

ഉയർന്ന ജനനനിരക്കും ഉയർന്ന മരണനിരക്കും എന്നതിൽ നിന്നും കുറഞ്ഞ ജനനനിരക്കും കുറഞ്ഞ മരണനിരക്കും എന്നതിലേക്കുള്ള മാറ്റമാണ് ജനസംഖ്യാ സംക്രമണം. ജനസംഖ്യാ സംക്രമണത്തിന്റെ പ്രധാനപ്പെട്ട അനന്തരഫലം വാർദ്ധക്യമാണ്. മുതിർന്നവർക്ക് അനുകൂലമായി പ്രായഘടനയിൽ ഉണ്ടായ മാറ്റം കേരളത്തിന്റെ സാമൂഹ്യസാമ്പത്തിക സാഹചര്യത്തെ ബാധിക്കുന്നതാണ്.

ഇന്ത്യയിലെ മറ്റ് പ്രദേശങ്ങളേക്കാൾ വളരെ വേഗത്തിലാണ് കേരളത്തിലെ വയോജനങ്ങളുടെ വളർച്ച. 60 വയസ്സിനു മുകളിലുള്ള ജനസംഖ്യ 1961ൽ 5.1 ശതമാനമായിരുന്നപ്പോൾ ദേശീയ ശരാശരി 5.6 ശതമാനമായിരുന്നു. 1960 മുതൽ കേരളം മറ്റ് സംസ്ഥാനങ്ങളെ പിന്നിലാക്കി. 2001ൽ ഇത് കേരളത്തിൽ 10.5 ശതമാനവും ഭാരതത്തിൽ 7.5 ശതമാനവുമായി മാറി. കേരളത്തിൽ വയോജനങ്ങളുടെ ജനസംഖ്യാവർദ്ധന 2.3 ശതമാനം നിരക്കിലാണെന്ന് സെന്റർ ഫോർ ഡവലപ്പ്മെന്റ് സ്റ്റഡീസിന്റെ 2013ലെ കേരളത്തിലെ പ്രായമാകലിനെകുറിച്ചുള്ള സർവ്വേ റിപ്പോർട്ട് പറയുന്നു. 70 അല്ലെങ്കിൽ 80 വയസ്സിന് മുകളിലുള്ളവരുടെ വർദ്ധനവാണ് ഏറ്റവും കൂടുതൽ. നിലവിൽ കേരളത്തിലെ 42 ലക്ഷം ആളുകൾ 60 വയസ്സിന് മുകളിലാണ്. ഇതിൽ 13 ശതമാനം വേഗത്തിൽ വളരുന്ന 80 വയസ്സും അതിനു മുകളിലുള്ളവരുമാണ്. അതായത് നമ്മുടെ സംസ്ഥാനത്ത് ജനംഖ്യയുടെ 13.9 ശതമാനം പേരും ഇന്ന് മുതിർന്ന പൗരൻമാരാണ്. 2035 ആകുമ്പോഴേക്കും കേരളത്തിൽ യുവനജങ്ങളേക്കാൾ വയോജനങ്ങൾ വർദ്ധിക്കും. ഇതിന് കാരണം മലയാളികളുടെ ഉയർന്ന ആയുർദൈർഘ്യമാണ്. മലയാളിയുടെ ആയുർദൈർഘ്യം വികസിത രാജ്യങ്ങളേക്കാൾ 2.8 വർഷം കൂടുതലാണ്. ഇന്നത്തെ കണക്കനുസരിച്ച് സ്ത്രീകളുടെ ആയുർദൈർഘ്യം 81 വയസ്സും പുരുഷന്മാരുടേത് 78.5 വയസ്സും ആണ്. ഭാരതത്തിൽ ഏറ്റവും കൂടുതൽ വയോധികൾ ഉള്ള സംസ്ഥാനമാണ് കേരളം.

അറുപത് വയസ്സിന് മേലെ പ്രായമുള്ള സ്ത്രീ–പുരുഷന്മാരിൽ കൂടുതലും സ്ത്രീകളാണ്. അവരിൽ ഭൂരിഭാഗവും വിധവകളാണ്. സ്ത്രീകളുടെ ഉയർന്ന ആയർദൈർഘ്യമാണ് ഇതിന് കാരണം. പുരുഷന്മാർ തങ്ങളേക്കാൾ പ്രായം കുറഞ്ഞ സ്ത്രീകളെ വിവാഹം ചെയ്യുന്നതുകൊണ്ടുതന്നെ വയോജനങ്ങളിൽ വിധവകളുടെ എണ്ണം കൂടുതലാണ്.

**വയോജനങ്ങളുടെ ദാമ്പത്യ അവസ്ഥ**

നിലവിൽ കേരളത്തിലെ വയോധികരിൽ 60.8 ശതമാനം വിവാഹിതരാണ്. ഇതിൽ പുരുഷന്മാർ 86.9 ശതമാനവും, സ്ത്രീകൾ 37.8 ശതമാനവും വരും. പുരുഷന്മാർ തങ്ങളേക്കാൾ പ്രായം കുറഞ്ഞ സ്ത്രീകളെ വിവാഹം കഴിക്കുന്നതുകൊണ്ടുതന്നെ പുരുഷന്മാർക്ക് അറുപത് വയസ്സ് പ്രായമാകുമ്പോൾ അവരുടെ ഭാര്യമാർ വളരെ ചെറുപ്പമായിരിക്കും. സ്ത്രീകൾക്ക് 80 വയസ്സാകുമ്പോഴേക്കും 84.2 ശതമാനം പേർക്കും ഭർത്താവ് നഷ്ടപ്പെട്ടിട്ടുണ്ടാകും.

**വയോജനങ്ങളുടെ വർദ്ധിച്ചുവരുന്ന ആശ്രിതത്വം**

60 വയസ്സും അതിന് മുകളിലും പ്രായമുള്ള വ്യക്തികളുടെ എണ്ണം തൊഴിലെടുക്കുന്ന പ്രായപരിധിയിലുള്ളവരുടെ എണ്ണവുമായി താരതമ്യപ്പെടുത്തുന്നതാണ് വയോജന ആശ്രയത്വ അനുപാതം അഥവാ 'ഓൾഡ് ഡിപ്പന്റൻസി റേഷ്യോ'. വാർധക്യകാല ആശ്രിതത്വ അനുപാതം കേരളത്തിൽ വർദ്ധിച്ചു വരുന്നതായി എൽഡർലി ഇൻ ഇന്ത്യ 2016, സ്റ്റാറ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയം, ഭാരതസർക്കാറിന്റെ പഠനങ്ങൾ സൂചിപ്പിക്കുന്നു. 2011ലെ സെൻസസ് പ്രകാരം കേരളത്തിൽ ഇത് 196ഉം ഭാര

തത്തിൽ 142ഉം ആണ്. മൊത്തം ജനസംഖ്യയിൽ മുതിർന്നവരുടെ അനുപാതം അദ്ധ്വാനിക്കുന്ന ജനസംഖ്യക്ക് ആനുപാതികമായി വർദ്ധിക്കുന്നതായി നമുക്ക് ഇതിൽനിന്നും മനസ്സിലാക്കാം. അതായത് ഏകദേശം 20 ശതമാനം പേരുടെ വരുമാനത്തെ ആശ്രയിച്ച് ബാക്കിയുള്ള മുതിർന്നവരും കുട്ടികളും അടങ്ങുന്ന സമൂഹത്തിന് മുന്നോട്ടു പോകാൻ പ്രയാസമായിരിക്കും.

**വയോധികരുടെ രോഗാവസ്ഥ**

2015ലെ നാഷണൽ സാമ്പിൾ സർവ്വേ വ്യക്തമാക്കുന്നത് കേരളത്തിലെ 65 ശതമാനം വയോധികരും രോഗബാധിതരാണെന്നാണ്. 2015ലെ കേരള അംഗപരിമിത സെൻസസ് നോക്കുകയാണെങ്കിൽ വയോധികരിലെ ഏറ്റവും സാധാരണമായ വൈകല്യം ലോകോമോട്ടോർ വൈകല്യവും (ചലനശേഷിക്കുറവ്), ദൃശ്യവൈകല്യവുമാണ്. അൽഷിമേഴ്സ് രോഗികളുടെ എണ്ണം 35,041 വരും.

റജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യയുടെ മെഡിക്കൽ സർട്ടിഫിക്കേഷൻ ഓഫ് ഡെത്ത് റിപ്പോർട്ട് പറയുന്നത് 2013ൽ പ്രമേഹം മൂലം ഇന്ത്യയിൽ വെറും 3 ശതമാനം പേർ മാത്രമാണ് മരിച്ചതെങ്കിൽ അത് കേരളത്തിൽ 10.2 ശതമാനം ആയിരുന്നു. രക്താതിസമ്മർദ്ദം, ഹൃദയസംബന്ധമായി തകരാറുകൾ എന്നിവയുടെ കണക്കും വ്യത്യസ്ഥമല്ല. കേരളത്തിലെ എല്ലാ പ്രായവിഭാഗങ്ങളേയും ബാധിക്കുന്ന പൊതു പ്രശ്നങ്ങളാണെങ്കിലും ആരോഗ്യ പ്രശ്നങ്ങളിൽ കൂടുതൽ ദുർബലരായ പ്രായമായവരെ ഇത് കൂടുതലായി ബാധിക്കുന്നു.

**വയോജന മന്ദിരങ്ങൾ**

പ്രായമായവരുടെ ജനസംഖ്യയിൽ ഏറ്റവും കൂടുതൽ അനുപാതം കേരളത്തിലാണ് (16.5%). ഇന്നത്തെ വേഗതയേറിയ ജീവിതത്തിൽ സമൂഹത്തിലെ യുവതലമുറക്ക് അവരുടെ ബലഹീനരായ മാതാപിതാക്കളെ ശ്രദ്ധിക്കാൻ സമയം കിട്ടിയെന്നുവരില്ല. ഇങ്ങിനെയുള്ള ഘട്ടങ്ങളിൽ വയോധികർക്ക് കുടുംബ, സുഹൃത്തുക്കൾ, പ്രാദേശിക സഹായ പരിപാടികൾ എന്നിവയിൽ നിന്നുള്ള പിന്തുണ മതിയാകാതെ വരുന്നു. അതുകൊണ്ട്തന്നെ  മുഴുവൻ സമയ പരിചരണം ആവശ്യമായി വരുന്ന വയോധികർക്ക് ദീർഘകാലപരിചരണ സേവനങ്ങൾ നൽകുന്ന പാർപ്പിടങ്ങളിലേക്ക് മാറേണ്ടി വരുന്നു. വയോജന മന്ദിരങ്ങൾ എന്നത് ദുഃഖകരമായ സത്യമാണെങ്കിലും ഇന്നത്തെ സാഹചര്യത്തിൽ അത് അംഗീകരിച്ചേ പറ്റൂ.

ഒരു നേഴ്സിങ് ഹോം നൽകുന്നത്ര പരിചരണം നൽകാനാവില്ലെങ്കലും ദീർഘകാലം ദൈനംദിന പരിചരണസഹായം ആവശ്യമുള്ളവർക്ക് വേണ്ടിയാണ് വയോജനമന്ദിരങ്ങൾ പ്രവർത്തിക്കുന്നത്. ഇവിടെ ഭക്ഷണം, പാർപ്പിടം, വ്യക്തിഗത പരിചരണം, മരുന്നുകൾ സമയാസമയം ലഭ്യമാക്കൽ, വീട്ടുജോലികൾ, അലക്കൽ, 24 മണിക്കൂർ മേൽനോട്ടം, സംരക്ഷണം, സേവനദാതാക്കളുടെം മുഴുവൻ സമയ സാന്നിധ്യം, സാമൂഹിക-വിനോദ പ്രവർത്തനങ്ങൾ തുടങ്ങിയ സേവനങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്.

മുതിർന്ന വയോധികർ പലവിധ ആരോഗ്യപ്രശ്നങ്ങൾ അനുഭവിക്കുന്നതുകൊണ്ടും, പലതരം വേദനകളും നോവുകളും അസ്വസ്ഥതകളും നേരിടുന്നതുകൊണ്ടും നിരവധി പേർ ശയ്യാവലംബികളും ആയതുകൊണ്ട് ഏതൊരു രോഗത്തിന്റെയും കടുത്ത ഘട്ടത്തിൽ നാം പ്രദാനം ചെയ്യുന്ന പാലിയേറ്റീവ് കെയർ എന്ന സാന്ത്വന പരിചരണവും വയോജന മന്ദിരങ്ങളിൽ  ലഭ്യമാക്കേണ്ടതുണ്ട്.

**വയോജനമന്ദിരത്തിന്റെ ആവശ്യകത**

ശാരീരിക-മാനസിക-സാമ്പത്തിക അവശതകൾ അനുഭവിക്കുന്ന വയോധികർക്ക് അവരുടെ കുടുംബങ്ങളിൽനിന്ന് ലഭിക്കുന്ന പരിചരണം തുലോ കുറവാണ്. ഇന്നത്തെ

അണുകുടുംബസാഹചര്യങ്ങളിൽ മുക്കവാറും വയോധിരെ പരിചരിക്കുന്നത് പങ്കാളിയോ മറ്റ് കുടുംബാംഗങ്ങളോ ആയിരിക്കും. വയോധികർക്ക് നൽകേണ്ട പ്രത്യേക പരിചരണങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മയും, സാഹചര്യക്കുറവും ഒരു പരിധിവരെ താല്പര്യക്കുറവും കൂടുതൽ സങ്കീർണ്ണതകളിലേക്കും ആരോഗ്യതകർച്ചയിലേക്കും വഴിതെളിയിക്കുന്നു. അതിലുപരി വയോധികരെ പരിചരിക്കുന്ന കുടുംബാംഗങ്ങൾ സമ്മർദ്ദം, ഉത്കണ്ഠ, തളർച്ച, വിഷാദം എന്നിങ്ങനെ പല അവസ്ഥകളിലൂടെയും കടന്നുപോകുന്നു. ഇത് നിസ്സഹായതയിലേക്കും, ക്ഷോഭത്തിലേക്കും നയിക്കാം. ഇത് വയോധികർക്ക് ലഭിക്കേണ്ട ശരിയായ പരിപചരണം അവഗണിക്കപ്പെടുന്നതിന് കാരണമാകുന്നു. അതുകൊണ്ടുതന്നെ പരസഹായത്തോടുകൂടിയ പരിചരണവും, ജീവിതവുമാണ് വയോധികർക്കാവശ്യം.

നിലവിൽ കേരളത്തിൽ ഉള്ള ഒട്ടുമിക്ക വൃദ്ധസദനങ്ങളും സ്വകാര്യ ഉടമസ്ഥതയിൽ ലാഭേച്ഛയോടെ പ്രവർത്തിക്കുന്ന സംരംഭങ്ങളാണ്. റിട്ടയർമെന്റ് ഹോമുകൾ എന്നറിയപ്പെടുന്ന ഇവ പ്രായമേറിയവർക്കായി വൃദ്ധജന-സൗഹൃദ പരിതസ്ഥിതിയിൽ നിർമ്മിച്ചെടുക്കുന്ന സാമൂഹിക കൂട്ടായ്മയാണ്. കേരളത്തിലെ വർദ്ധിച്ചുവരുന്ന വയോധികരുടെ ജനസംഖ്യ കണക്കനുസരിച്ച് അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് അവരുടെ സാമ്പത്തിക സ്ഥിതിക്കനുസരിച്ചുള്ള വയോമിത്രഭവനങ്ങൾ നമ്മുടെ സർക്കാർ വികസിപ്പിച്ചെടുക്കേണ്ടതുണ്ട്.

**ചികിത്സാപരമായ അന്തരീക്ഷം സൃഷ്ടിക്കുന്ന വയോജനമന്ദിരങ്ങൾ**

കാഴ്ചയിലും, ഭാവത്തിലും വീടിനോട് സാമ്യത പുലർത്തുന്ന ദീർഘകാല-പരിചരണ സേവനങ്ങൾ നൽകുന്നവയാകണം വയോജന മന്ദിരങ്ങൾ. ഇവ രൂപപ്പെടുത്തുന്നതിൽ വിദഗ്ധനായ ഒരു ആർക്കിടെക്റ്റിന് നല്ലൊരു പങ്ക് വഹിക്കാനാകും.

മാനസികവും ശാരീരികവുമായും ബലഹീനരായ വയോധികർക്ക് വളരെയധികം പിന്തുണ നൽകുന്ന ഇത്തരം ഭവനങ്ങളിൽ പ്രധാനപ്പെട്ട ചില മാനദണ്ഡങ്ങൾ പാലിക്കപ്പെടേണ്ടതുണ്ട്.

1. സൗകര്യപ്രദമായ ഇടം എന്ന് താമസിക്കുന്നവർക്ക് തോന്നാൻ ഇട നൽകുക.
2. താമസിക്കുന്ന ഇടങ്ങളിൽ സ്വകാര്യതയും, സമ്പൂർണ്ണതയും ഉറപ്പു വരുത്തുക.
3. സ്വാതന്ത്ര്യം, പരസ്പരാശ്രിതത്വം, വ്യക്തി സവിശേഷത എന്നിവ പരിപോഷിപ്പിക്കുക.
4. ആരോഗ്യപരിപാലനം, ശാരീരികചലനം, മാനസിക ഉത്തേജനം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുക.
5. കുടുംബാംഗങ്ങളുടെ പങ്കാളിത്തത്തെ പ്രോത്സാഹിപ്പിക്കുക.
6. ചുറ്റുമുള്ള സമൂഹവുമായി ബന്ധം നിലനിർത്തുക.
7. ബലഹീനരായ ആളുകളെ ശുശ്രൂഷിക്കുക.

ഇതിനുപറ്റിയ രീതിയിലായിരിക്കണം കെട്ടിടങ്ങളുടെ നിർമ്മാണവും അവിടുത്തെ ജീവനക്കാരുടെ പെരുമാറ്റവും. അതോടൊപ്പം സാമ്പത്തിക സുരക്ഷിതത്വവും, 24 മണിക്കൂറും സേവന സഹായം നൽകാനുള്ള സാഹചര്യങ്ങളും ഉണ്ടായിരിക്കണം. അതോടൊപ്പം അന്തേവാസികൾക്ക് പരസ്പരം പരിചയപ്പെടാനും, അടുത്തറിയാനും, ജീവനക്കാർ ഓരോരോ അന്തേവാസിയേയും മനസ്സിലാക്കാനും ഉള്ള അന്തരീക്ഷം വയോമന്ദിരങ്ങളിൽ ഉണ്ടായിരിക്കണം.

ഒരു വ്യക്തിയുടെ താമസസ്ഥലം എന്നത് ചുരുങ്ങിയത് ഒരു കിടപ്പുമുറി, കുളിമുറി, ഭക്ഷണമുറി, ചെറിയ അടുക്കള എന്നിങ്ങനെ രൂപകൽപ്പന ചെയ്തിരിക്കണം. ഇത് വ്യക്തികളിൽ സ്വാധികാരവും, സ്വകാര്യതയും പരിപോഷിപ്പിക്കുന്നു.

വയോധികരുടെ വ്യക്തിഗത കഴിവുകളും നൈപുണ്യങ്ങളും തിരിച്ചറിയപ്പെടുകയും, പ്രോത്സാഹിപ്പിക്കുകയും പരസഹായത്തോടുകൂടിയ സ്വയംപരിപാലനത്തിനും, നിവാസികളെ പരസ്പരം സഹായിക്കാനും അതുമൂലം വൈകാരിക പിന്തുണ നൽകാനും, സാമൂഹികസമ്പർക്കം വർദ്ധിപ്പിക്കാനും സഹായിക്കും.

വയോമന്ദിരത്തിൽ സാമൂഹിക വിനിമയത്തിനും, വിനോദപ്രവർത്തനങ്ങൾക്കും വേണ്ട സൗകര്യങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്. ഉദാഹരണത്തിന് വായനശാല, പൂന്തോട്ടം, യോഗ/പ്രാർത്ഥനാമുറി, ടെലിവിഷൻറൂം/സിനിമാതിയ്യറ്റർ, സ്വിമ്മിംഗ് പൂൾ, കായികപരിശീലനകേന്ദ്രങ്ങൾ, നല്ല ചിന്തകളുണർത്തുന്ന ഫോട്ടോകൾ, മ്യൂസിക് തുടങ്ങിയവ വയോധികരുടെ ശാരീരിക-മാനസിക പിന്തുണക്ക് അത്യാവശ്യമാണ്. വയോമന്ദിരങ്ങളുടെ ഭാഗമായി കുടുംബകൂട്ടായ്മകൾ, രാത്രിയിൽ തങ്ങാൻ അവസരം, പങ്കാളിത്ത പ്രവർത്തനങ്ങൾ, താമസക്കാരുമായുള്ള അർത്ഥവത്തായ സംഭാഷണങ്ങൾ തുടങ്ങിയവ ഒരുക്കുന്നതിലൂടെ വയോധികരിൽ വൈകാരികവും മനശാസ്ത്രപരവുമായ ഒരു സുസ്ഥിത കൈവരുന്നു. സ്വകാര്യതയും, സ്വാധികാരവും നൽകി കഴിയുന്നതും വയോമന്ദിരങ്ങൾ സ്വഗൃഹാന്തരീക്ഷത്തിന്റെ പ്രതീകാത്മകത നൽകുന്നത് അന്തേവാസികൾക്ക് ഇത്തരം ഭവനങ്ങളോടുള്ള സ്വീകാര്യത വർദ്ധിപ്പിക്കും.

**വയോമന്ദിരത്തിൽ ചികിത്സാവിദഗ്ധരുടെ പങ്ക്**

വയോധികരുടെ വ്യക്തിഗത പരിചരണത്തിലും, ആരോഗ്യപരിപാലന ആവശ്യങ്ങളിലും സഹായിക്കുന്നതിന് ഡോക്ടർമാർക്കും, നഴ്സുമാർക്കും, ഫിസിയോതെറാപ്പിസ്റ്റുകൾക്കും വയോജന സാന്ത്വന പരിചരണത്തിൽ പ്രത്യേക പരിശീലനം നൽകണം. എന്നിരുന്നാലും വയോമന്ദിരങ്ങളിൽ ഒരു നഴ്സിങ് ഹോംമിലോ, ആശുപത്രിയിലോ നൽകുന്നപോലുള്ള വിദഗ്ധമായ ചികിത്സയും പരിചരണവും നൽകാൻ കഴിയുകയില്ല.

**ഫിസിഷ്യൻ**

വയോധികരിൽ കൂടുതലായും കാണുന്ന പ്രമേഹം, രക്താതിസമ്മർദ്ദം, വാതരോഗങ്ങൾ, ഹൃദയസംബന്ധമായ രോഗങ്ങൾ, കൊഴുപ്പ് രോഗം, മറ്റ് ശാരീരികരോഗങ്ങൾ എന്നിവക്കെല്ലാം കൃത്യമായ പരിശോധനയും, തികിത്സയും നൽകുന്നതിൽ മാസത്തിലൊരിക്കെലെങ്കിലും ഒരു ഫിസിഷ്യന്റെ സന്ദർശനം ആവശ്യമാണ്.

**ഫിസിക്കൽ തെറാപ്പിസ്റ്റ്**

ഫിസിയോ തെറാപ്പിസ്റ്റിന്റെ ഇടപെടലുകളിലടെ വയോധികരുടെ ശാരീരിക ശേഷി മെച്ചപ്പെടുത്തൽ, പ്രവർത്തനശേഷി നിലച്ചതോ, കുറഞ്ഞതോ ആയ ശാരീരികഭാഗങ്ങളുടെ ചലന ശക്തി പുനസ്ഥാപിക്കൽ, വീഴ്ചകളോ അതുമായി ബന്ധപ്പെട്ട പരിക്കുകളോ കുറക്കൽ, വേദന കുറക്കൽ, മലമൂത്രവിസർജനത്തിലുള്ള തകരാറുകൾ പരിഹരിക്കൽ, ശയ്യാവ്രണങ്ങൾ കുറക്കൽ, ജീവിതഗുണനിലവാരം മെച്ചപ്പെടുത്തൽ എന്നിവ വിശദമായി കൈകാര്യം ചെയ്യാൻ സാധിക്കും. വയോജനമന്ദിരത്തിന്റെ നിർമ്മാണത്തിലും, ഫർണിച്ചറുകൾ, മറ്റ് സാമഗ്രികൾ എന്നിവ വാങ്ങുമ്പോഴും വയോജനങ്ങൾക്ക് സുഗമമായി ഉപയോഗിക്കാൻ തരത്തിലുള്ളതാകണമെങ്കിൽ ഫിസിയോതെറാപ്പിസ്റ്റിന്റെ ഉപദേശം അനിവാര്യമാണ്.

**നേഴ്സുമാർ**

വയോദികരുടെ ദൈനംദിന പ്രവർത്തനങ്ങളിൽ നഴ്സുമാർക്ക് കാര്യമായ ഇടപെടലുകൾ ചെയ്യേണ്ടതായിട്ടുണ്ട്. ഉദാഹരണത്തിന് ഭക്ഷണം കഴിക്കാൻ വിമുഖതയുള്ളവരെ ഭക്ഷണം കഴിക്കാൻ സഹായിക്കുക, നിർദ്ദേശപ്രകാരമുള്ള മരുന്നുകൾ കഴിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുക, എല്ലാദിവസവും കുളിക്കുന്നുണ്ടോ, വസ്ത്രങ്ങൾ മാറ്റുന്നുണ്ടോ എന്ന് നിരീക്ഷിക്കുക, പ്രഷർ, ഷുഗർ എന്നിവ ആവശ്യമുവരിൽ പരിശോധിക്കുക, വേദനയുടെ അളവ് നിരീക്ഷിക്കുക, കുറക്കാനുള്ള പരിപാടികൾ ആസൂത്രണം ചെയ്യുക എന്നിവ നഴ്സുമാരുടെ വക്തിഗത പരിചരണത്തിലെ പ്രധാന ഘടകങ്ങളാണ്. അതോടൊപ്പം അന്തേവാസികളുടെ കുടുംബാംഗങ്ങളുമായി നഴ്സുമാർക്ക് ആശയവിനിമയം നടത്താൻ കഴിയും. ഇതിലൂടെ കുടുംബാംഗങ്ങൾക്ക് അവരുടെ പ്രിയപ്പെട്ടവരുടെ ആവശ്യങ്ങളും, പരിചരണത്തിന്റെ നിലവാരം മനസ്സിലാക്കാനും അടിയന്തിരസാഹചര്യങ്ങളിൽ അവരെ അറിയിക്കാനും  കഴിയുന്നു. ക്ഷമ, അനുകമ്പ, ചെറിയതോതിലുള്ള വിമർശനാത്മക ചിന്ത, ആശയവിനിമയശേഷി എന്നീ മൃദുനൈപുണ്യങ്ങൾ ഇത്തരത്തിലുള്ള സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന നേഴ്സുമാർക്ക് അത്യാവശ്യമാണ്. അന്തേവാസികളിൽ ചിലർക്ക് വിട്ടുമാറാത്ത വേദനയോ, ഓർമ്മക്കുറവോ അല്ലെങ്കിൽ അൽഷിമേഴ്സ് പോലുള്ള അവസ്ഥകളോ ഉണ്ടാകാം. ചിലരിൽ ക്ഷോഭം, ഉത്ക്കണ്ഠ, വിഷാദം തുടങ്ങിയവക്കും സാധ്യത ഉണ്ട്. കഠിനസാഹചര്യങ്ങളിൽ ശാന്തത പാലിക്കുകയും അവരുടെ ദൈനംദിന വെല്ലുവിളികൾ ഉചിതമായി മനസ്സിലാക്കുകയും ചെയ്യുന്നതിലൂടെ അന്തേവാസികൾക്കുണ്ടാകുന്ന മോശപ്പെട്ട അനുഭവങ്ങളെ കുറക്കാൻ നേഴ്സുമാർക്ക് കഴിയുന്നു.

**വയോജനങ്ങൾക്കായുള്ള കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ സാമൂഹ്യസുരക്ഷാ പദ്ധതികൾ**

വയോജനങ്ങൾ സമീപകാലത്തും ഭാവിയിൽ നേരിടാൻ പോകുന്ന ആശങ്കാജനകമായ ആരോഗ്യ-സാമൂഹ്യ-സാമ്പത്തിക പ്രശ്നങ്ങൾ മുൻകൂട്ടി കണ്ടുകൊണ്ട് നിരവധി സുരക്ഷാപദ്ധതികൾ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആവഷ്ക്കരിച്ചിട്ടുണ്ട്. അവയിൽ പ്രധാനമായവ താഴെ വിശദീകരിക്കാം.

**മുതിർന്ന പൗരന്മാർക്കുള്ള ക്ഷേമനിധി**

ബി.പി.എൽ. വിഭാഗത്തിലുള്ള മുതിർന്ന പൗരന്മാർക്ക് സമഗ്രവും സൗജന്യവുമായി ആരോഗ്യഇൻഷുറൻസ് പരിരക്ഷ ഉറപ്പുവരുത്തുന്ന പദ്ധതിയാണിത്. മുതിർന്ന പൗരന്മാർ ഇടക്കിടെ സന്ദർശിക്കുന്ന പൊതുസ്ഥലങ്ങൾ, കെട്ടിടങ്ങൾ, യൂട്ടിലിറ്റികൾ എന്നിവ വയോജന സൗഹൃദമായി നിലനിർത്താനുള്ള  പദ്ധതി.

**പ്രായമായവരുടെ ക്ഷേമത്തിന് സർക്കാരിന്റ പങ്ക്**

ഐക്യരാഷ്ട്രസഭയുടെ വാർഷിക വയോജന വർഷം ആയി 1999 പ്രഖ്യാപിച്ചതിനെ തുടർന്ന് പ്രായമായവരെ അവർക്ക് ഗുണപരമായ വഴികളിൽ ശാക്തീകരിക്കുകയും ക്ഷേമ നടപടികൾ വേഗത്തിലാക്കുകയും ചെയ്യുന്നതിനായി 1999 ജനുവരി 19ന് ഭാരതസർക്കാർ വയോജനങ്ങൾക്കായുള്ള ദേശീയനയം അംഗീകരിച്ചു.

മാതാപിതാക്കളുടേയും മുതിർന്ന പൗരന്മാരുടേയും പരിപാലന ക്ഷേമനിയമം 2007, മുതർന്നവരുടെ അവകാശങ്ങൾക്ക് സംരക്ഷണം നൽകുന്നു. ഭരണഘടനാവ്യവസ്ഥകൾക്ക് പുറമേ വൃദ്ധജന സുരക്ഷ, വൃദ്ധജനപെൻഷൻ, വയോജന ഭവനങ്ങൾ സ്ഥാപിക്കുക, വാർദ്ധക്യസഹജമായ സേവനങ്ങൾ വികസിപ്പിക്കുക, മുതിർന്നവർക്കായുള്ള ഭവനനയം ഉദാരവൽക്കരിക്കുക എന്നിവയാണ് ഇവയിൽ പ്രധാനമായവ.

**സംസ്ഥാന വയോജനനിയമം**

മുതിർന്ന പൗരന്മാർക്കായുള്ള ഒരു നയം അവതരിപ്പിച്ച ആദ്യ സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. 2013ൽ ഏറ്റവും പുതിയ വയോജനനയം നിലവിൽ വന്നു. എല്ലാ വയോജനങ്ങൾക്കും പരമാവധി ക്ഷേമസൗകര്യങ്ങൾ ഉറപ്പാക്കാനാണ് ഈ നയം ലക്ഷ്യം വക്കുന്നത്. പ്രായമായവരെ ചൂഷണം ചെയ്യുന്നവർക്കെതിരെ സംസ്ഥാന സർക്കാർ പോലീസിന് കേസ് രജിസ്റ്റർ ചെയ്യാനും ഈ നയം നിർദ്ദേശിക്കുന്നു.

**മുതിർന്ന പൗരന്മാരുടെദേശീയ നയം 2011**

മുതിർന്ന വ്യക്തികളുടെ സമ്പന്നമായ അനുഭവത്തെ തിരിച്ചറിയുകയും, അവരെ പ്രധാനപ്പെട്ട മനുഷ്യവിഭവങ്ങൾ എന്ന നിലയിൽ പരിഗണിക്കുകയും, അവസാനകാലത്ത് അന്തസ്സായ ജീവിതം ഉറപ്പുവരുത്തുകയും, സാമ്പത്തികമായ സുരക്ഷ, ആരോഗ്യസംരക്ഷണം, ഭക്ഷണം, അഭയം എന്നിവ ഉറപ്പുവരുത്തുന്നതാണ് ഈ നയം.

**ചൂഷണത്തിനെതിരെ സംരക്ഷണം**

***മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുടേയും പരിപാലനക്ഷേമനിയമം 2007***

ഈ നിയമപ്രകാരം മാതാപിതാക്കളുടേയും, മുതിർന്ന പൗരൻമാരുടേയും പരിപാലനം മക്കളും ബ്ധുക്കളും അവഗണിച്ചാൽ അവർക്ക് സ്വത്ത് കൈമാറ്റം ചെയ്യൽ പിൻവലിക്കാവുന്നതാണ്. മുതിർന്ന പൗരൻമാരെ ഉപേക്ഷിക്കുന്ന കാര്യത്തിൽ പീനൽ പ്രൊവിഷൻ, വയോജന പരിപാലന ഹോമുകൾ സ്ഥാപിക്കൽ, മുതിർന്ന പൗരന്മാരുടെ ജീവിനും സ്വത്തിനും സംരക്ഷണം, മുതിർന്ന പൗരന്മാർക്ക് ആവശ്യമായ വൈദ്യസഹായങ്ങൾ എന്നിവക്കും ഈ നിയമം സംരക്ഷണം നൽകുന്നു.

***കേരളത്തിലെ മുതിർന്ന പൗരന്മാരുടെ പരിപാലന ക്ഷേമചട്ടങ്ങൾ 2008***

ഈ ചട്ടങ്ങൾപ്രകാരം സ്വയം പരിപാലനം ചെയ്യാൻ കഴിയാത്ത മുതിർന്ന പൗരന്മാർക്ക് മെയ്ന്റനൻസ് ട്രിബ്യൂണലിനെ സമീപിക്കാവുന്നതാണ്. ഓരോ ജില്ലയുടേയും നടത്തിപ്പിനായി ജില്ലാ വെൽഫയർ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്.

**സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയം**

സാമൂഹ്യ അസമത്വങ്ങൾ, ചൂഷണം, വിവേചനം, അനീതി എന്നിവ അനുഭവിക്കുന്ന സമൂഹത്തിലെ വിഭാഗങ്ങൾക്ക് തുല്യമായ നീതി ഉറപ്പാക്കുന്നതിനുവേണ്ടിയുള്ളതാണ് ഈ മന്ത്രാലയം. മുതിർന്ന പൗരന്മാർക്ക് സുരക്ഷിതത്വവും, മാന്യവും, ഉല്പാദനക്ഷമവുമായ ജീവിതം നയിക്കാൻ മന്ത്രാലയം സംസ്ഥാന സർക്കാരുകളും/യൂണിയൻ ടെറിട്ടറി അഡ്മിനിസ്ട്രേറ്റർ എന്നിവരുമായി സഹകരിച്ചു നിമയങ്ങൾ, നയങ്ങൾ, പരിപാടികൾ എന്നിവ ആവിഷ്ക്കരിക്കുന്നു.

**പ്രായമായവർക്ക് വയോശ്രേഷ്ഠ സമ്മാൻ അവാർഡ്**

എല്ലാ വർഷവും ലോകമെമ്പാടും ഒക്ടോബർ ഒന്ന് അന്താരാഷ്ട്രവയോജന ദിനമായി ആചരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി സാമൂഹ്യനീതി മന്ത്രാലയം വിവിധ ആഘോഷപരിപാടികൾ സംഘടിപ്പിക്കുകയും മുതിർന്ന പൗരൻമാർ, സംഘടനകൾ, പഞ്ചായത്തുകൾ എന്നിവക്ക് വയോശ്രേഷ്ഠ സമ്മാൻ അവാർഡുകൾ നൽകുകയും ചെയ്യുന്നു. വിവിധ വിഭാഗങ്ങളിലായി 10 അവാർഡുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. വാർദ്ധക്യത്തെ സംബന്ധിച്ച പ്രശ്നങ്ങൾ പഠിക്കുന്ന സ്ഥാപനങ്ങൾ, വയോജന ക്ഷേമ സേവനം നൽകുന്ന അസോസിയേഷനുകൾ, പ്രായമായവർക്കിടയിൽ സാമൂഹ്യപ്രവർത്തനം തുടരുന്ന 90 വയസ്സിന് മുകളിൽ പ്രായമുള്ളവർ, തങ്ങളുടെ കുട്ടികളെ സുരക്ഷിത സ്ഥാനത്തേക്ക് കൊണ്ടു

വരാൻ കഠിനമായി ശ്രമിച്ച നല്ല അമ്മമാർ, ധീരരായ വയോജനങ്ങൽ, സാംസ്കാരിക പ്രവർത്തനങ്ങളിൽ ദേശീയ/അന്തർദേശീയ അവാർഡുകൾ നേടിയവർ, വാർദ്ധക്യകാല ക്ഷേമത്തിനായി പ്രവർത്തിക്കുന്ന മികച്ച പഞ്ചായത്തുകൾ, കായികരംഗത്ത് പ്രവർത്തിക്കുന്ന വൃദ്ധജനങ്ങൾ, സാമ്പത്തിക അഭിവൃദ്ധിക്കുവേണ്ടി ജോലി ചെയ്യുന്ന പ്രായമായ ആളുകൾ എന്നിവർക്ക് ബന്ധപ്പെട്ട ബഹുമതികൾക്ക് അപേക്ഷിക്കാവുന്നതാണ്.

**വയോജനങ്ങൾക്കുള്ള സാമൂഹ്യസുരക്ഷാ പദ്ധതികൾ**

മുതിർന്ന പൗരന്മാർക്ക് വേണ്ടിയുള്ള നയങ്ങളും പരിപാടികളും. വൃദ്ധസദനങ്ങൾ, പകൽ പരിചരണ കേന്ദ്രങ്ങൾ, മൊബൈൽ വൈദ്യചികിത്സാ യൂണിറ്റുകൾ തുടങ്ങിയവയാണ് ക്ഷേമപദ്ധതികൾ.

**രാഷ്ട്രീയ വയോശ്രീ യോജന - മുതിർന്ന പൗരന്മാർക്ക് ഭൗതികസഹായവും സഹായ ഉപകരണങ്ങളും ലഭ്യമാക്കുന്നതിനുള്ള ഒരു കേന്ദ്ര പദ്ധതി**

ബി.പി.എൽ. വിഭാഗത്തിൽപെടുന്ന പ്രായപരിധിവൈകല്യമുള്ള മുതിർന്ന പൗരന്മാർക്ക് ഈ കേന്ദ്രഗവൺമെന്റ് സ്കീം സഹായവും, സഹായഉപകരണങ്ങളും നൽകുന്നു. കാഴ്ച, കേൾവി, പല്ല്, ലോക്കോമോട്ടോർ എന്നീ വൈകല്യങ്ങൾ/രോഗങ്ങളെ അഭിമുഖീകരിക്കാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. വോക്കിങ് സ്റ്റിക്ക്, വാക്കേഴ്സ്/ക്രച്ചസ്, ക്രച്ചുകൾ, ട്രൈപോസ്/സ്വാഡപോസ്, കണ്ണടകൾ, ശ്രവണസഹായികൾ, കൃത്രിമ ദന്തങ്ങൾ, വീൽചെയർ തുടങ്ങിയവ ഈ പദ്ധതിക്ക് കീഴിൽ നൽകിവരുന്ന സഹായങ്ങളും, സഹായഉപാധികളുമാണ്.

**വയോജനങ്ങൾക്കുള്ള സംയോജിത പദ്ധതി - പ്രായമായവരുടെ ജീവിതനിലവാരം ഉയർത്തുന്നുതിനുള്ള ഒരു കേന്ദ്രാവിഷ്കൃത പദ്ധതി**

ഉല്പാദനക്ഷമവും സജീവവുമായ ജീവിതം പ്രോത്സാഹിപ്പിക്കുക, താമസം, ഭക്ഷണം, വൈദ്യപരിചരണം, വിനോദ അവസരങ്ങൾ എന്നീ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കി പ്രായമായവരുടെ ജീവിതനിലവാരം ഉയർത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പഞ്ചായത്ത്രാജ സ്ഥാപനങ്ങൾക്കും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും അർഹരായ സർക്കാർ/സർക്കാറിതര സംഘടനകൾക്കും ഈ സ്കീമിൽ സഹായം ലഭിക്കും.

**സംസ്ഥാനസർക്കാറിന്റെ പദ്ധതികൾ**

***വയോജന സൗഹൃദ പഞ്ചായത്തുകൾ***

സംസ്ഥാന വയോജന നയം 2013ന്റെ ഭാഗമായി സാമൂഹ്യനീതി വകുപ്പ് ഏറ്റെടുത്ത് നടപ്പാക്കുന്ന പദ്ധതിയാണിത്. എല്ലാ പഞ്ചായത്തുകളേയും വയോജന സൗഹൃദ പഞ്ചായത്തുകളാക്കി മാറ്റിയെടുത്ത് വയോജനങ്ങൾക്ക് മെച്ചപ്പെട്ട ആരോഗ്യവും പങ്കാളിത്തവും ഉറപ്പാക്കി അവരുടെ ജീവിതനിലവാരം ഉയർത്താൻ ഈ പദ്ധതി ലക്ഷ്യമിടുന്നു.

***വയോമിത്രം***

കേരള സാമൂഹിക സുരക്ഷാമിഷൻ സംസ്ഥാനത്തെ കോർപ്പറേഷൻ/മുനിസിപ്പാലിറ്റി പ്രദേശങ്ങളിൽ താമസിക്കുന്ന 65 വയസ്സിന് മുകളിൽ പ്രായമുള്ളവർക്ക് ആരോഗ്യവും, പരിരക്ഷയും, പിന്തുണയും നൽകുന്ന പരിപാടിയാണിത്. മൊബൈൽ ക്ലിനിക്കുകൾ, കിടപ്പുരോഗികൾക്ക് സാന്ത്വന പരിപാലനം, പ്രായമായവരുടെ സഹായകേന്ദ്രങ്ങൾ തുടങ്ങിയ ഈ പരിപാടിയിൽ ലക്ഷ്യമിടുന്നു. സേവനം ലഭിക്കാൻ സാമ്പത്തിക മാനദണ്ഡങ്ങൾ ഇല്ല. വയോമിത്രം കോ-ഓർഡിനേറ്റർ വഴി അതാത് പ്രദേശത്തുള്ള വയോജ

നങ്ങൾക്ക് പ്രസ്തുത സഹായങ്ങൾ ലഭിക്കും. പ്രത്യേക മെഡിക്കൽ ക്യാമ്പിനു പുറമേ, സല്ലാപം, സ്നേഹയാത്ര എന്നീ വിനോദപരിപാടികൾ വയോജന ഭവനങ്ങളിൽ അഗതികൾക്ക് വേണ്ടി നടത്തുന്നു.

*വയോഅമൃതം*

ആരോഗ്യപ്രശ്നങ്ങൾ നേരടുന്ന വയോഭവനങ്ങളിലെ അംഗങ്ങൾക്ക് വേണ്ടി ഭാരതീയ ചികിത്സാ വകുപ്പിന്റെ സഹായത്തോടുകൂടി നടത്തപ്പെടുന്ന പരിപാടിയാണിത്. പ്രമേഹരോഗങ്ങൾ, ആസ്മ, ത്വക്‌രോഗങ്ങൾ, വാതം, കണ്ണ്, ചെവി രോഗങ്ങൾ തുടങ്ങിയവയാണ് പ്രധാനമായും ചികിത്സ.

*മന്ദഹാസം*

മുതിർന്ന പൗരന്മാർക്ക് സൗജന്യമായി പല്ല് നൽകുന്ന പദ്ധതി. പല്ലുകൾ നഷ്ടപ്പെട്ടശേഷം പ്രായമായവർ നേരിടുന്ന പോഷകാഹാരവും, ശാരീരികവും, മാനസികവുമായ പ്രശ്നങ്ങൾ കുറക്കുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന വയോജനങ്ങൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കും. ഒരു ഗുണഭോക്താവിന് പരമാവധി അയ്യായിരം രൂപയാണ് സാമ്പത്തിക സഹായം ലഭിക്കുക.

*സ്വയംപ്രഭ പദ്ധതി-മുതിർന്ന പൗരന്മാർക്കുള്ള സമഗ്രപദ്ധതി*

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി പകൽ പരിചരണ സൗകര്യങ്ങൾ പ്രദാനം ചെയ്യുന്ന പദ്ധതി. മുതിർന്ന പൗരന്മാർക്ക് സമപ്രായക്കാരുമായി ഒത്തുചേരാനും, പകൽ സമയത്ത് ഏകാന്തത അനുഭവിക്കുന്ന വയോജനങ്ങൾക്ക് ആശ്വാസം നൽകാനും ഈ പദ്ധതി അവസരമൊരുക്കുന്നു.

**വൃദ്ധസദനങ്ങളും, പകൽപരിചരണ കേന്ദ്രങ്ങളും ആരംഭിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സഹായം**

ഈ പദ്ധതിപ്രകാരം ഓരോ സ്ഥാപനത്തിനും 2 ലക്ഷം രൂപ നൽകികൊണ്ട് വാർഡ് ഹോമുകൾ/പകൽ പരിചരണ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ ലഭ്യമിടുന്നു. സ്ഥാപനത്തിന്റെ നടത്തിപ്പിനായി കുടുംബശ്രീയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

*വൃദ്ധസദനങ്ങളും പരിചരണകേന്ദ്രങ്ങളും*

ആരും സംരക്ഷിക്കാനില്ലാത്ത മുതിർന്ന പൗരന്മാരുടെ സംരക്ഷണത്തിന് വേണ്ടിയാണ് ഈ കേന്ദ്രങ്ങൾ. സ്ഥാപനത്തിന്റെ സൂപ്രണ്ടിന് അപേക്ഷ നൽകണം. ജില്ലാ പ്രൊബേഷൻ ഓഫീസറുടെ അന്വേഷണ റിപ്പോർട്ട് ലഭിച്ചശേഷം പ്രവേശനം ഉറപ്പുവരുത്തും.

*ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി*

ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി 60 വയസ്സിനും അതിനു മുകളിലുള്ളവർക്കും ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്കും ഉള്ള പെൻഷൻ പദ്ധതിയാണ്. 60-79 വയസ്സിനിടക്ക് പ്രായമുള്ളവർക്ക് പ്രതിമാസം 1,100 രൂപയും, 80 വയസ്സിന് മുകളിലുള്ളവർക്ക് 1,500 രൂപയും ലഭിക്കുന്നു.

*പൊതുഗതാഗത്തിൽ സംവരണം*

ഷിപ്പിംഗ്, റോഡ് ഗതാഗതം എന്നിവയിലും മുതിർന്ന പൗരന്മാർക്ക് സംവരണമുണ്ട്. സംസ്ഥാന റോഡ് ഗതാഗത സ്ഥാപനങ്ങളുടെ ബസ്സുകളിൽ മുൻനിരയിൽ മുതിർന്ന പൗരന്മാർക്ക് രണ്ട് സീറ്റ് സംവരണം ചെയ്യപ്പെട്ടിരിക്കുന്നു.

റെയിൽവേ മന്ത്രാലയം മുതിർന്ന പൗരന്മാർക്കായി ടിക്കറ്റ് റിസർവേഷൻ കേന്ദ്രങ്ങളിൽ പ്രത്യേക ടിക്കറ്റ് കൗണ്ടറുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ട്രെയിനിൽ താഴെ ബർത്തും യാത്രകൂലിയിൽ ഇളവും, വീൽചെയർ ലഭിക്കാനുള്ള അവകാശവുമുണ്ട്.

ജനസംഖ്യയിലുണ്ടായിട്ടുള്ള മാറ്റങ്ങൾമൂലം വയോജനങ്ങളുടെ വലിയൊരു വിഭാഗം ഇന്ന് കേരളത്തിലുണ്ട്. വരും വർഷങ്ങളിൽ സംസ്ഥാനത്തിന് മുമ്പിലുള്ള പ്രധാന വെല്ലുവിളി പ്രായമായവരുടെ തൊഴിലവസരങ്ങൾ, സാമൂഹ്യ സുരക്ഷ, പെൻഷൻ എന്നിവയാണ്.

**ജില്ലാതല വൃദ്ധസദനം**

60 കഴിഞ്ഞ കുടുംബസഹായമില്ലാത്ത വൃദ്ധർക്ക് ജില്ലാ സാമൂഹ്യനീതി ഓഫീസ് വഴി പരിചരണം, സംരക്ഷണം.

**ജനമൈത്രി പോലീസ് സുരക്ഷ**

MWPSC നിയമത്തിന്റെ (2007) പരിധിയിൽ വരുന്ന വൃദ്ധജനങ്ങൾക്ക് സുരക്ഷ.

**ഹോർ ഫോർ ദി ഏജ്ഡ് & ഡിഫന്റ്‌ലി ഏബിൾഡ്**

50 കഴിഞ്ഞവരും, ഭിന്നശേഷിക്കാരും, പരിചരിക്കാൻ ആരുമില്ലാത്തവരുമായവർക്ക് മെഡിക്കൽ ഓഫീസറുടെ ശുപാർശയോടെ പരിചരണവും സംരക്ഷണവും.

ഹോമിയോ സ്പെഷ്യാലിറ്റി സെന്റർ

സൗകര്യമുള്ള സെന്ററുകൾവഴി ഡീ അഡിക്ഷന്/ജീവിതശൈലീരോഗ ചികിത്സ.

ആയുർവേദാശുപത്രി

സൗകര്യമുള്ളിടത്ത് പക്ഷാഘാതരോഗികൾക്ക് കിടത്തി ചികിത്സയും ബോധവൽക്കരണവും.

**സമാശ്വാസം**

ഡയാലിസിസ് ആവശ്യമുള്ളവർക്കും, ഹീമോഫീലിയ, സിക്കിൾസെൽ അനീമിയ എന്നിവ ബാധിച്ചവർക്കും മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പ്രതിമാസം ധനസഹായം.

**വയോധികർക്കുവേണ്ടിയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ**

***ഇന്റഗ്രേറ്റഡ് പ്രോഗ്രാം ഫോർ എൽഡർ പീപ്പിൾ***

ഓർഫനേജ് കൺട്രോൾ ബോർഡ് നിയമവും ചട്ടങ്ങളും അനുസരിച്ചുള്ള അംഗീകാരവും, സന്നദ്ധ സംഘടന രജിസ്ട്രേഷനും സ്വന്തം സ്ഥലവും കെട്ടിടവുമുള്ള സന്നദ്ധ സംഘടനകൾക്ക് 25 പേരുടെ വൃദ്ധസദനം നടത്താൻ കേന്ദ്രസാമൂഹ്യനീതി മന്ത്രാലയം/സാമൂഹ്യനീതിവകുപ്പ് അനുവദിക്കുന്ന ഗ്രാന്റ്.

***ഡേകെയർ ഫോർ ദി അൽഷൈമേഴ്സ് അഫക്ടഡ്***

ആവശ്യമായ മുൻപരിചയമുള്ള സന്നദ്ധ സംഘടനകൾക്ക് ഡേകെയർ നടത്താൻ മേൽ സൂചിപ്പിച്ച ലഭിക്കുന്ന ഗ്രാന്റ്.

***പ്രധാനമന്ത്രി സുരക്ഷ ബീമാ യോജന*** (PMSBY)

ബന്ധപ്പെട്ട ബാങ്ക്/പോസ്റ്റാഫീസ് വഴി എസ്.ബി. അക്കൗണ്ടിൽ പ്രതിവർഷം 12രൂപ പ്രീമിയം അടച്ച് 2 ലക്ഷം രൂപവരെ അപകട ഇൻഷ്വറൻസ് നേടിയെടുക്കാം.

*നാഷണൽ പ്രോഗ്രാം ഫോർ ഹെൽത്ത് കെയർ ഓഫ് എൽഡർലി*

വൃദ്ധർക്ക് ആരോഗ്യസ്ഥാപനങ്ങൾ വഴി പ്രത്യേക ആരോഗ്യ പരിശോധനയും ജില്ലാ ആശുപത്രികളിൽ ജറിയാട്രിക് വാർഡും.

**ലഹരിവിമുക്ത ചികിത്സാ കേന്ദ്രങ്ങൾ**

മൂന്ന് വർഷത്തെ പ്രവർത്തനപരിചയമുള്ള മേജർ എൻ.ജി.ഒ.കൾക്ക് ആവശ്യമായ സംവിധാനവും ജീവനക്കാരുമുണ്ടെങ്കിൽ ഇത്തരം കേന്ദ്രങ്ങൾ നടത്താൻ ഗ്രാന്റ് ലഭിക്കുന്നതാണ്.

*പ്രധാനമന്ത്രി കിസാൻ യോജന*

18-40 വയസ്സുവരെ ചെറുകിട/നാമമാത്ര കർഷകർ 60 വയസ്സ് വരെ ഒരു നിശ്ചിത തുക അടച്ചാൽ മരണംവരെ ലഭ്യമാകുന്ന പെൻഷൻ.

*സാമൂഹ്യ സുരക്ഷാ പെൻഷൻ*

വാർദ്ധക്യ പെൻഷൻ, വിധവ പെൻഷൻ, വികലാംഗ പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ, 50 വയസ്സ് കഴിഞ്ഞ അവിവാഹിത സ്ത്രീകൾക്കുള്ള പെൻഷൻ, കാർഷിക പെൻഷൻ, വ്യാപാരി പെൻഷൻ.

**വയോധിക പരിചരണത്തിന് ലഭ്യമായ കോഴ്സുകൾ**

*കേരളത്തിലെ കോഴ്സുകൾ*

1. ജറിയാട്രിക് കെയറിൽ രണ്ട് മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സ്. അൽഷിമേഴ്സ് ആന്റ് റിലേറ്റഡ് ഡിസോർഡേഴ്സ് സൊസൈറ്റ് ഓഫ് ഇന്ത്യയുമായി സഹകരിച്ചുകൊണ്ട്.

   സ്ഥലം കുന്നംകുളം

   യോഗ്യത: ഏഴാം ക്ലാസോ അതിനു മുകളിലോ വിദ്യാഭ്യാസം. ഫീസ് - കോഴ്സ് ഫീ ഇല്ല.

2. കെ.എം.എം. അക്കാദമി ഓഫ് ഹെൽത്ത് സയൻസ് ഇന്റർനാഷണൽ, പൂണിത്തുറ, എർണാകുളം.

   ജറിയാട്രിക് കെയറിൽ ഡിപ്ലോമാ ആന്റ് മാനേജ്മെന്റിൽ പോസ്റ്റ് ഗ്രാജ്യുവേറ്റ് ഡിപ്ലോമ.

   മരിയൻ കോളേജ്, കുട്ടിക്കാനം. ഒരു വർഷത്തെ കോഴ്സ്. ഫീസ്-50,000 രൂപ.

   യോഗ്യത: ഏതെങ്കിലും വിഷയത്തിൽ ഡിഗ്രി.

4. ജറിയാട്രിക് നാഷണൽ ഇനീഷ്യേറ്റീവ് ഓൺ കെയർ ഓഫ് എൽഡർലി (എൻ.ഐ.സി.ഇ)യുടെ കീഴിൽ.

   യോഗ്യത: ഹൈസ്കൂൾ വിദ്യാഭ്യാസം. കോഴ്സി ഫീ ഇല്ല.

*ഇന്ത്യയിലെ കോഴ്സുകൾ*

1. ജറിയാട്രിക് കെയറിൽ ആറുമാസത്തെ സർട്ടിഫിക്കറ്റ് കോഴ്സ്. കൊച്ചി ഇന്റർനാഷണൽ ഇനീഷ്യേറ്റീവ് ഓൺ കെയർ ഫോർ എൻഡർലി (എൻ.ഐ.സി.ഇ.) യുടെ കീഴിൽ.

   യോഗ്യത: ഹൈസ്കൂൾ വിദ്യാഭ്യാസം. കോഴ്സ് ഫീ ഇല്ല.

2. ഇന്റഗ്രേറ്റഡ് ജറിയാട്രിക് കെയറിൽ പി.ജി. ഡിപ്ലോമ. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ ഡിഫൻസ്, ന്യൂഡൽഹി.

   ഒരു വർഷത്തെ കോഴ്സ്. 20 സീറ്റുകൾ മാത്രം.

3. ജറിയാട്രിക് കെയറിൽ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമാ കോഴ്സ്.

   ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റി.

   യോഗ്യത: ഇന്റേൺഷിപ്പ് കഴിഞ്ഞ എം.ബി.ബി.എസ്. ഡോക്ടർമാർ. ഫീസ്- 21,000 രൂപ.

4. ജറിയാട്രിക് കെയർ മാനേജ്മെന്റിൽ ഡിപ്ലോമ.

   ഹിന്ദുസ്ഥാൻ ഇസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ആന്റ് സയൻസസ്, ചെന്നൈ.

   യോഗ്യത: സയൻസ് വിഷയത്തിൽ പ്ലസ് 2

   കാലയളവ്: ഇന്റേൺഷിപ്പോടുകൂടി രണ്ട് വർഷം.

5. ജറിയാട്രിക് കെയർ അസിസ്റ്റൻസിൽ സർട്ടഫിക്കറ്റ് കോഴ്സ്. ഇന്ദിരാഗാന്ധി ഓപ്പൺ യൂണിവേഴ്സിറ്റി.

   കാലയളവ്: ആറ് മാസം

   യോഗ്യത: സയൻസ് വിഷയത്തിലുള്ള പ്ലസ് 2. ഫീസ് - 6500 രൂപ.

   രജിസ്ട്രേഷൻ ഫീസ് - 200 രൂപ.

***വിദേശത്തെ കോഴ്സുകൾ***

1. ജറിയാട്രിക് കെയർ

   ആസ്ട്രോൺ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റർനാഷണൽ സ്റ്റഡീസ്. കാലയളവ് - മൂന്ന് മാസം.

   യോഗ്യത: മെഡിക്കൽ പ്രാക്ടീഷണർമാർ, എല്ലാ സിസ്റ്റംസ് ഓഫ് കെയറിൽനിന്നുള്ള പ്രൊഫഷണലുകൾ, ബി.എസ്.സി. നേഴ്സിംഗ്.

2. കെയർ ഓഫ് ദി എൽഡർലി പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ. യൂണിവേഴ്സിറ്റി ഓഫ് വെയ്ൽസ് ട്രിനിറ്റി സെന്റർ ഡേവിഡ്.

3. ഹെൽത്ത് ലീഡർഷിപ്പ് ആന്റ് പോളിസി ഇൻ സീനിയർ കെയറിൽ മാസ്റ്റർ ഡിഗ്രി

   യൂണിവേഴ്സിറ്റ് ഓഫ് ബ്രിട്ടീഷ് കൊളംബിയ. കാളയവ് 12-24 മാസം.

***